പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.976 05.03.2020-ൽ മറുപടിക്ക്

## റോഡുകളിൽ വരയ്ക്കുന്ന സീബ്രാ ലൈനുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) റോഡുകളിൽ വരയ്ക്കുന്ന സീബ്രാ ലൈനുകൾ വളരെപ്പെട്ടെന്ന് മങ്ങിപ്പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. റോഡുകളിൽ വരയ്ക്കുന്ന സീബ്രാ ലൈനുകൾ മങ്ങിപ്പോകുന്നത് അതാത് പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി പീരിഡിനുള്ളിലുള്ള കാലഘട്ടത്തിൽ ആണെങ്കിൽ കരാറുകാരനെക്കൊണ്ടുതന്നെ പുതുക്കി വരപ്പിക്കാറുണ്ട്. |
| (ബി) നിശ്ചിത കാലാവധി ആകുന്നതിനുമുമ്പ് മങ്ങിപ്പോകുന്ന സീബ്രാ ലൈനുകൾ പുതുക്കി വരയ്ക്കണമെന്ന് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ച കരാറുകാർക്ക് നിർദ്ദേശം നൽകാറുണ്ടോ; എങ്കിൽ നിർദ്ദേശം കരാറുകാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ; | | |
| (സി) പൊതുമരാമത്ത് റോഡുകളിലും ദേശീയ പാതകളിലും ഗുണമേന്മയുള്ള സീബ്രാ ലൈനുകൾ വരയ്ക്കുന്നതിനും മങ്ങിയ സീബ്രാ ലൈനുകൾ പുതുക്കി വരയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | സീബ്രാ ലൈനുകളുടെ ഗുണനിലവാരം/പ്രതിഫലനക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന പരിശോധന നടത്തുന്നതിനുള്ള ഉപകരണം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഡിസൈൻ) വിഭാഗത്തിന് നൽകിയിട്ടുണ്ട്. മങ്ങിയ സീബ്രാ ലൈനുകൾ പുതുക്കി വരയ്ക്കുന്നതിനുള്ള പ്രവൃത്തികൾ റോഡ് സുരക്ഷാ പദ്ധതി/പദ്ധതിയേതര ഫണ്ടിലും മറ്റ് റോഡ് നിർമ്മാണ പ്രവൃത്തികളിലും ഉൾപ്പെടുത്തി കാലാകാലങ്ങളിൽ നടപ്പിലാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ മോർത്ത് സ്പെസിഫിക്കേഷൻ അനുസരിച്ചാണ് (Hot applied thermostatic compound) സീബ്രാ ലൈനുകൾ വരയ്ക്കുന്നത്. ഇത് ഗുണനിലവാരം ഉള്ളതും കൂടുതൽ കാലം നിലനില്ക്കുന്നതുമാണ്. കാലപ്പഴക്കത്താൽ മാഞ്ഞു പോകുന്ന സീബ്രാ ലൈനുകൾ പുതുക്കി വരയ്ക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ